# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1672** 12.06.2019 -ലെ മറുപടിയ്ക്ക്

## ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ

*ചോദ്യം*

ശ്രീ. ബി. സത്യൻ
ശ്രീ. എ.എൻ. ഷംസീർ
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. കെ.ജെ. മാക്സി

*ഉത്തരം*

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അക്കാദമിക രംഗം കൂടുതൽ ചലനാത്മകമാക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഈ ലക്ഷ്യം മുൻനിർത്തി ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ State Assessment and Accreditation Centre (SAAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഔപചാരിക വിലയിരുത്തലിന്, നാക്കിനോടൊപ്പം സംസ്ഥാനതല ഏജൻസികളും ഉണ്ടാകേണ്ടതാണെന്ന് യു.ജി.സി നിർദ്ദേശിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ State Assessment and Accreditation Centre (SAAC) പ്രവർത്തിച്ചുതുടങ്ങുമ്പോൾ അത് യു.ജി.സി വിഭാവനം ചെയ്ത ദിശയിലെ രാജ്യത്തെതന്നെ പ്രഥമ കാൽവയ്പ്പായിരിക്കും |

| | | | |
|---|---|---|---|
| (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (ബി) | അധ്യാപകരുടെയും അധ്യാപനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകികൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആദ്യമായി ഓൺലൈൻ സർവ്വെ ആരംഭിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട ആധികാരിക വിവരങ്ങളുടെ അഭാവം പരിഹരിക്കുക എന്ന ലക്ഷ്യമാണ് ഈ സർവ്വെയിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്<br>ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും അംഗീകാരവും തുല്യതയും സംബന്ധിച്ചുള്ള പരാതികൾക്കും പ്രശ്നങ്ങൾക്കും തീർപ്പുകൽപ്പിക്കാൻ സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC) രൂപീകരിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | അക്കാദമിക രംഗത്തും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾപ്പെടുത്തി അക്കാദമിക് വോളന്റിയർ ബാങ്ക് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | അക്കാദമിക് വോളന്റിയർ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേക്കായുള്ള വിദഗ്ദരുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു |
| (ഡി) | ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാഭ്യാസം പുന:സംഘടിപ്പിക്കുന്നതിനും അദ്ധ്യാപകരുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികളെക്കുറിച്ച് പരിശോധിക്കുമോ? | (ഡി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്കായി വിദേശീയരും സ്വദേശീയരുമായ പണ്ഡിതരെ റിസോഴ്സ് പേഴ്സൺസായി ക്ഷണിച്ചുകൊണ്ട് **Faculty Development Programme/** ശില്പശാലകൾ സംഘടിപ്പിച്ചു വരുന്നു. **2019** ൽ **1000** അദ്ധ്യാപകർക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമൂല പരിഷ്ക്കരണം ലക്ഷ്യമിട്ടുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പാഠ്യപദ്ധതി പരിഷ്ക്കരണത്തിനായി നിയമിച്ച കമ്മിറ്റിയുടെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ.